LIGHTED TO LIGHTEN

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# അമ്മ ചിറക്

## ഇലിപ്പക്കുളം

സാന്ത്വനത്തിന്റെ സാന്നിദ്ധ്യം

അഭയത്തിന്റെ ആശ്വാസം



സംരക്ഷണത്തിന്റെ കൂടാരം

ആർദ്രതയുടെ ഭാവം

# MOTHER WINGS

CARE HOME FOR WOMEN

**ELIPPAKULAM**

ത്രിയേക ദൈവത്തിനു സ്തുതി,

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ഒരു ദർശനമാണ് വയോജനങ്ങളെ പരിരക്ഷിക്കുന്ന സങ്കേത സ്ഥലങ്ങളുടെ പ്രവർത്തനങ്ങൾ. അടൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കറ്റാനത്തിനടുത്ത് ഇലിപ്പക്കുളത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് 'അമ്മ ചിറക്' (Mother Wings). ഈ വലിയ സംരക്ഷണ കേന്ദ്രം വയോജനങ്ങളെ കരുതുന്നതിനും അവർക്ക് വേണ്ടതായ ശുശ്രൂഷകൾ നൽകുന്നതിനും ഉപകരിക്കുന്നു. കരുതൽ നഷ്ടപ്പെട്ട ഒരു ലോകത്തിൽ, സഭ ഒരു കരുതൽ സമൂഹമായി നിലകൊള്ളേണ്ടത് ആവശ്യമാണ്.

സമൂഹത്തിൽ അശരണരായിട്ടുള്ള അമ്മമാരെ സംരക്ഷിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഇവിടെ നമുക്ക് ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഈ ഭവനം അനുഗ്രഹകരമായ ശുശ്രൂഷകൾ നിറവേറ്റിയതോർത്തു ദൈവത്തെ സ്തുതിക്കുന്നു. ഇതെല്ലാം ഇവിടം സന്ദർശിക്കുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. സഭയ്ക്ക് വേണ്ടി ഒരു കൂട്ടം ആളുകൾ അനുഗ്രഹകരമായ ശുശ്രൂഷ ഇവിടെ തുടരുന്നു. ഈ ഭവനത്തിന് ആവശ്യമായ സ്ഥലം സൗജന്യമായി സഭയ്ക്ക് നൽകിയ മീനത്തേരിൽ കുടുംബത്തെയോർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഇവിടം ഒറ്റപ്പെട്ടുപോകുന്ന മാതാക്കൾക്കു കരുതലായിത്തീരുവാൻ ഇടയാകട്ടെ.

എന്ന് പ്രാർത്ഥനയോടെ,

**റൈറ്റ് റവ. മാത്യൂസ് മാർ സെറാഫിം എപ്പിസ്കോപ്പാ**



സമൂഹത്തിൽ തനിച്ചായിപ്പോയ അമ്മമാർക്ക് ഒരു തണലാകുവാൻ മലങ്കര മാർത്തോമ്മാ സുറിയാനി സഭ അടൂർ ഭദ്രാസന റൂബി ജൂബിലിയുടെ ഭാഗമായി കറ്റാനത്തിനടുത്ത് ഇലിപ്പക്കുളത്ത് സഭയ്ക്ക് സൗജന്യമായി ലഭിച്ച സ്ഥലത്ത് ആരംഭിച്ച വനിതാ സാന്ത്വന പരിചരണ കേന്ദ്രമാണ് 'അമ്മ ചിറക്.' ആർദ്രതയുള്ളവനായ ദൈവം അലിവുള്ളവരുടെ ഹൃദയങ്ങളിലൂടെ, കരങ്ങളിലൂടെ ഇത്തരം കനിവിന്റെ കൂടാരങ്ങൾക്ക് ജന്മം നൽകുന്നു. സഭയുടെ സാമൂഹിക പ്രതിബദ്ധതയും ദൗത്യവും ഉയർത്തി ക്കാണിക്കുന്ന ഇത്തരം ഭവനങ്ങൾ എല്ലാകാലത്തും ആലംബഹീനരുടെ അത്താണിയാണ്. ഇടമില്ലാത്ത വർക്കും ഒരു ഇടം ഉണ്ടെന്നാണ് ഇവിടം നമ്മോട് പറയുന്നത്.





## പിന്നിട്ട വഴികളിലൂടെ...

ഇലിപ്പക്കുളം സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗമായ മീനത്തേരിൽ ശ്രീമതി കെ. ഐ. തങ്കമ്മ യുടെ മകൻ പരേതനായ ശ്രീ. സന്തോഷ് പി. വർഗ്ഗീസിന്റെ താല്പര്യാർത്ഥം സഭയുടെ ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കായി 52 സെന്റ് സ്ഥലം സൗജന്യമായി നൽകിയത് 'അമ്മ ചിറക്' യാഥാർത്ഥ്യമാകുന്നതിന് പിന്നിലെ അടിസ്ഥാന കാരണമായി.

പഴമയുടെ പ്രൗഢി വിളിച്ചോതുന്ന നാലുകെട്ട് രൂപത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കപ്പെട്ടു. മലങ്കര മാർത്തോമ്മാ സുറിയാനി സഭ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ 2022 ഏപ്രിൽ മാസം 27-ാം തീയതി 'അമ്മ ചിറകിന്റെ' കൂദാശ നിർവ്വഹിച്ചു, നാടിന് സമർപ്പിച്ചു.

## ‘അമ്മ ചിറക്’ എന്ന പേര്

സഭ ലോകത്തിൽ ആയിരിക്കുന്നത് ലോകത്തിന് വേണ്ടിയാണ്. സഭ എന്നുമൊരു കരുതൽ സമൂഹമായി നിലകൊള്ളേണ്ടതും ആവശ്യമാണ്. സഭ ഒരു കരുതൽ സമൂഹം എന്നതാണ് ‘അമ്മ ചിറക്’ എന്ന നാമകരണം അടയാളപ്പെടുത്തുന്നത്. ചിറകുകൾ തളർന്നുപോകുന്ന അമ്മമാർക്ക് പറന്നുയരാനാണ് ഈ ‘അമ്മ ചിറക്.’






## ‘അമ്മ ചിറക്’ എന്തിനുവേണ്ടി

നിർദ്ധനരിൽ നിർദ്ധനരായ, ഒരു അഭയവുമില്ലാത്ത സ്ത്രീ ജനങ്ങൾക്ക് ഏറ്റവും ശ്രേഷ്ഠമായ അഭയം നൽകുക എന്നതാണ് ‘അമ്മ ചിറക്’ കൊണ്ട് ആഗ്രഹിക്കുന്നത്. ഭാഗ്യസ്മരണീയനായ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തയുടെ ജന്മദിനമായ ഏപ്രിൽ മാസം 27-ാം തീയതിയാണ് ‘അമ്മ ചിറക്’ പൊതുസമൂഹത്തിന് നൽകപ്പെട്ടത്. ആർദ്രത ഏറെ നിറഞ്ഞുനിന്ന തിരുമേനിയുടെ ജന്മദിനത്തിൽ ഇത് സമർപ്പിച്ചതിന്റെ ഉദ്ദേശം ഏത് ജാതിയിൽപ്പെട്ടിട്ടുള്ളവർക്കും ഏത് സംസ്കാരത്തിൽ വളർത്തപ്പെട്ടവർക്കും ഏത് പേരുള്ളവർക്കും അവർ അർഹിക്കുന്നു എങ്കിൽ ഇവിടെ പ്രവേശനം ലഭിക്കും എന്നതാണ്.




Donations can be sent to

A/c Name:

Mother Wings - Care Home For Women

A/c No.: 11620100200635

Bank: Federal

Branch: Kattanam

IFSC: FDRL0001162

For more details:

**Rev. Jobin S. Abraham**

The Director

Mother Wings - Care Home For Women
Elippakulam P. O., Pallickal (Via),
Alappuzha Dist.
Mob: +91 9846686922, +91 7306429133
E-mail: motherwingscarehome@gmailcom

# MOTHER WINGS

CARE HOME FOR WOMEN

**ELIPPAKULAM**

crayons media +919495901381